**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- തിരുവനന്തപുരത്ത് നിർമ്മിക്കുന്ന യുദ്ധസ്മാരകത്തിന്റെ ഡിസൈന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(കൈ)നം.38/2022/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം : 19.09.2022**

---

പരാമർശം:- 1. 18.09.2020 ലെ സ.ഉ(കൈ)221/2020/റവന്യൂ നമ്പർ ഉത്തരവ്.
2. യുദ്ധസ്മാരക കമ്മറ്റിയുടെ 12.08.2022- ലെ യോഗതീരുമാനം.
3. സൈനിക ക്ഷേമ ഡയറക്ടറുടെ 26.08.2022 ലെ ബി-3/6289/ഡി.എസ്.ഡബ്ല്യൂ 2020 നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നം.20 - ൽ റീസർവ്വേ നമ്പർ 664/പാർട്ട് -ൽ ഉൾപ്പെട്ട 0.60.71 ഹെക്ടർ ഭൂമി യുദ്ധസ്മാരക നിർമ്മാണത്തിന് സൈനിക ക്ഷേമ വകുപ്പിന് കൈമാറി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം കൈമാറികിട്ടിയ ഭൂമിയിൽ യുദ്ധസ്മാരകം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ ഡിസൈൻ, യുദ്ധസ്മാരകത്തിന്റെ രൂപഘടനയും നിർമ്മാണവും സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുന്നതിലേയ്ക്കായി റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി നിശ്ചയിച്ച് രൂപീകരിച്ച യുദ്ധസ്മാരക കമ്മറ്റി പരിഗണിക്കുകയും 12.08.2022 ലെ യോഗതീരുമാനങ്ങൾ പ്രകാരം ഡിസൈൻ അംഗീകരിക്കുകയുമുണ്ടായി.

പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്ട് സമർപ്പിച്ച യുദ്ധസ്മാരകത്തിന്റെ ഡിസൈൻ പരാമർശം 3 പ്രകാരം സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും പ്രസ്തുത ഡിസൈന് അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി.

പ്രസ്തുത ഡിസൈൻ സർക്കാർ പരിശോധിച്ചു. തിരുവനന്തപുരത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന യുദ്ധസ്മാരകത്തിന്റെ, പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഡിസൈന് (അനുബന്ധമായി ചേർത്തിരിക്കുന്നു) അംഗീകാരം നൽകി ഉത്തരവാകുന്നു.

ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടി സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.ബിജു.ഐ.എ.എസ്**
**സെക്രട്ടറി**

പകർപ്പ്-

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. ചീഫ് ആർക്കിടെക്ട്, പൊതുമരാമത്ത് വകുപ്പ്, മ്യൂസിയം (പി.ഒ), തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ


AUDIO VISUAL ROOM
WALL OF FAME
Ulloor
Kazhakkoottam